(സി) കെട്ടിക്കിടക്കുന്ന കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വിപണനം ത്വരിതപ്പെടുത്തുന്നതിന് 20% റിബേറ്റ് നൽകുന്ന പദ്ധതി കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പാക്കിവരുന്നു. റിബേറ്റിനത്തിൽ 7,33,49,905 രൂപ കേന്ദ്രഗവൺമെന്റിൽ നിന്നും റീഇംബേഴ്സ് ചെയ്തുകിട്ടാനുണ്ട്. ഇത് ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കൂടുതൽ വില്പനശാലകൾ അനുവദിക്കുന്നതിന് മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കും, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ സ്ഥാപനങ്ങൾക്കും ഒരു വില്പനശാല ആരംഭിക്കുവാൻ ഒരു ലക്ഷം രൂപവരെ ഗ്രാന്റു നൽകുന്നു. കയറിന്റെ ഉപയോഗം വർധിപ്പിക്കുന്നതിന് കയറുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ ധനസഹായം നൽകുന്നു. കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനവും ഉപയോഗവും വർധിപ്പിക്കുന്നത് ഒരു ബൃഹത്പദ്ധതി 2000-2001 വർഷം മുതൽ നടപ്പാക്കാനും പദ്ധതി ആവിഷ്കരിച്ചുവരുന്നു. ആയതിലേക്ക് 2000-2001 വർഷം ഭൂവസ്ത്രവർഷമായി ആചരിക്കുന്നു. കയർ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള ഒരു പദ്ധതി 1997-98 മുതൽ നടപ്പാക്കിവരുന്നു. 50% വായ്പയും 50% ഗ്രാന്റുമായിട്ടാണ് സാമ്പത്തികസഹായം നൽകിവരുന്നത്. പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം രൂപവരെയും, മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്ക് 5 ലക്ഷം രൂപ വരെയും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയുമാണ് ഈ പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നത്.

51 (627) കെ.എസ്.ഐ.ഡി.സിയുടെ ധനസഹായം

ശ്രീ. പി.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത് കെ.എസ്.ഐ.ഡി.സി സഹായം നൽകിയിട്ടുണ്ട്; അവ ഏതൊക്കെ; ഓരോന്നിലും എത്ര രൂപ കെ.എസ്.ഐ.ഡി.സി. മുടക്കിയിട്ടുണ്ട്; കെ.എസ്.ഐ.ഡി.സി ധനസഹായത്തോടെ ആരംഭിച്ച എല്ലാ വ്യവസായ സ്ഥാപനങ്ങളും ഇപ്പോൾ സുഗമമായി നടത്തുന്നുണ്ടോ;

(ബി) കെ.എസ്.ഐ.ഡി.സി. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സംസ്ഥാനത്ത് ഏതൊക്കെ മേഖലയിലാണ് പണം മുടക്കിയിട്ടുള്ളത്; ഇതിൽ സംയുക്ത സംരംഭം ഏതാണ്; കെ.എസ്.ഐ.ഡി.സിയിൽ നിന്നും വായ്പ ലഭിക്കുവാൻ ഇപ്പോഴുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്താണ്; വായ്പ അനുവദിക്കുന്നതിന് കെ.എസ്.ഐ.ഡി.സിയിൽ എത്ര കാലതാമസം ഉണ്ടാകുന്നുണ്ട്;

(സി) വായ്പ അനുവദിക്കുവാൻ ലഭിച്ച എത്ര അപേക്ഷകളിൽ കെ.എസ്.ഐ.ഡി.സി തീരുമാനം എടുക്കുവാൻ ബാക്കിയുണ്ട്; അവ ഏതൊക്കെ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് കെ.എസ്.ഐ.ഡി.സി. സാമ്പത്തിക സഹായം നൽകിയ 193 വ്യവസായപദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിശദാശംങ്ങൾ അനുബന്ധം - ഒന്നിൽ ചേർത്തിരിക്കുന്നു.† അവയിൽ കൂടുതലും സുഗമമായി നടക്കുന്നുണ്ട്.

(ബി) കഴിഞ്ഞ രണ്ടുവർഷങ്ങളിൽ കെ.എസ്.ഐ.ഡി.സിയുടെ സഹായത്തോടെ പൂർത്തിയാക്കിയ വ്യവസായങ്ങളുടെ മേഖല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം രണ്ടിൽ+ ചേർത്തിരിക്കുന്നു. ഇവയിൽ ഒന്നുമാത്രമാണ് സംയുക്ത സംരംഭം (കെ.എസ്.ഐ.ഡി സിക്ക് 26%) ഓഹരി പങ്കാളിത്തമുള്ളത് വായ്പ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധം മൂന്നിൽ ചേർത്തിരിക്കുന്നു. വായ്പ നൽകുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. എല്ലാ രേഖകളും തയാറായാൽ അതിനടുത്ത ബോർഡ് എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിൽ വച്ച് നിക്ഷേപാനുമതി നൽകുന്നതാണ്.

(സി) 2000 ജനുവരിക്കുശേഷം ലഭിച്ച കൊച്ചിൻ സ്റ്റോക്ക് ബ്രോക്കേഴ്സ് ലി., ഗാലി ഫുഡ്സ് ലി., ജി.എം. സ്വാമി, കോയമ്പത്തൂർ, വികാസവാണി ടെലിവിഷൻസ് ലി., എന്നീ അപേക്ഷകളിൽ തീരുമാനമെടുക്കാനുണ്ട്.

52 (628) ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ സൂപ്പർവൈസർമാരുടെ ഒഴിവുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തസ്തികയിൽ പി.എസ്.എസി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള മുഴുവൻ ഒഴിവുകളിലും അടിയന്തിരമായി നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിൽ ആകെ 315 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെയും നിയമനം ആരംഭിച്ചിട്ടില്ല.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly